**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5413** **03-11-2021 - ൽ മറുപടിയ്ക്ക്**

**ലോക കേരള സഭ സമ്മേളനങ്ങളിൽ ഇറ്റലിയിൽനിന്നും പങ്കെടുത്ത പ്രതിനിധികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri. Pinarayi Vijayan**<br>**(മുഖ്യമന്ത്രി)** | |
| (എ) | ലോക കേരള സഭ സമ്മേളനങ്ങളിൽ ഇറ്റലിയിൽ നിന്ന് പ്രതിനിധിയായി അനിത പുല്ലയിൽ എന്ന വ്യക്തി പങ്കെടുത്തിരുന്നോ; | (എ) | പങ്കെടുത്തിരുന്നു. |
| (ബി) | ഇവരെ പ്രതിനിധിയായി തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വിശദമാക്കാമോ; | (ബി) | റോമിലെ പ്രവാസി മലയാളി ഫെഡറേഷൻ സെക്രട്ടറിയായും ഈ സംഘടനയുടെ തന്നെ ഗ്ലോബൽ വനിതാ പ്രതിനിധിയായും പ്രവർത്തിച്ചുവരുന്നു എന്ന് രേഖപ്പെടുത്തി ശ്രീമതി.അനിത പുല്ലയിൽ, വ്യക്തി എന്ന നിലയിൽ ഇറ്റലിയിൽ നിന്നും നാമനിർദ്ദേശം സമർപ്പിച്ചിരുന്നു. ചുമതലപ്പെട്ട കമ്മിറ്റി അവ പരിശോധിച്ചതിന് ശേഷമാണ് അംഗമായി തെരഞ്ഞെടുത്തത്. |
| (സി) | പ്രസ്തുത സമ്മേളനങ്ങളിൽ ഇറ്റലിയിൽ നിന്ന് എത്ര പേരാണ് പ്രതിനിധികളായി പങ്കെടുത്തതെന്ന് അറിയിക്കുമോ; പ്രത്യേക പ്രതിനിധിയായി പങ്കെടുത്തത് ആരെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) | ലോക കേരള സഭയുടെ ആദ്യ സമ്മേളനത്തിൽ ഇറ്റലിയിൽ നിന്നും അംഗങ്ങളായ ശ്രീമതി.അനിത പുല്ലയിൽ, സിസ്റ്റർ.ഡാനി മേരി എന്നിവരും രണ്ടാം സമ്മേളനത്തിൽ അംഗമായ ശ്രീമതി. അനിത പുല്ലയിലും പ്രത്യേക പ്രതിനിധിയായി ശ്രീ.ജോസ്.വി.ഫിലിപ്പുമാണ് പങ്കെടുത്തിരുന്നത്. |
| (ഡി) | ഏതൊക്കെ സമ്മേളനങ്ങളിലാണ് അനിത പുല്ലയിൽ പങ്കെടുത്തതെന്ന് വെളിപ്പെടുത്തുമോ; | (ഡി) | ലോക കേരള സഭയുടെ രണ്ടു സമ്മേളനങ്ങളിലും ശ്രീമതി.അനിത പുല്ലയിൽ പങ്കെടുത്തിരുന്നു. |
| (ഇ) | ഇവരുടെ യാത്ര, താമസം, മറ്റ് ചെലവുകൾ എന്നിവയ്ക്ക് സർക്കാർ ഖജനാവിൽനിന്നും എത്ര തുക ചെലവായെന്ന് വ്യക്തമാക്കുമോ? | (ഇ) | ഖജനാവിൽ നിന്ന് ഇവർക്കുമാത്രമായി പ്രത്യേക ചെലവുകൾ ഒന്നും വഹിച്ചിരുന്നില്ല. |

സെക്ഷൻ ഓഫീസർ